**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1945** **20-06-2024 - ൽ മറുപടിയ്ക്ക്**

**വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കാളവയൽ ഗ്രൗണ്ടിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കാളവയൽ ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 18.10.2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 305/2023/കാ.യു.വ പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി 60 കോടി രൂപയുടെ സമഗ്രഭരണാനുമതി നൽകിയ ലിസ്റ്റിലെ ക്രമനമ്പർ 45 ആയി കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കാളവയൽ ഗ്രൗണ്ട് ഉൾപ്പെട്ടിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ കായിക യുവജനകാര്യാലയം ഡയറക്ടർ സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നതിൻ പ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി കായിക യുവജനകാര്യ ഡയറക്ടർ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതിക്കായി കുന്നത്തുനാട് എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സമഗ്ര ഭരണാനുമതിയും നൽകി, ദർഘാസ് ക്ഷണിച്ച് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് സമഗ്ര ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | 18.10.2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 305/2023/കാ.യു.വ പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി 60 കോടി രൂപയുടെ സമഗ്രഭരണാനുമതി നൽകിയ ലിസ്റ്റിലെ ക്രമനമ്പർ 45 ആയി കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കാളവയൽ ഗ്രൗണ്ട് ഉൾപ്പെട്ടിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ കായിക യുവജനകാര്യാലയം ഡയറക്ടർ സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നതിൻ പ്രകാരം സ്പോർട്സ് കേരള |

| | | | |
|---|---|---|---|
| | | | ഫൗണ്ടേഷൻ തയ്യാറാക്കിയ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി കായിക യുവജനകാര്യ ഡയറക്ടർ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതിക്കായി കുന്നത്തുനാട് എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സമഗ്ര ഭരണാനുമതിയും നൽകി, ദർഘാസ് ക്ഷണിച്ച് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ